ന്യൂനപക്ഷത്തിന് അവഗണന: ശിഹാബ്



എസ്.എൻ.ഡി.പി. യോഗം 90-ാം വാർഷികത്തോടനുബന്ധിച്ചു പിന്നോക്ക സമുദായ സമ്മേളനം കോഴിക്കോട്ടു പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു. കെ. ഗോപിനാഥൻ (ജനറൽ സെക്രട്ടറി), പി. വി. ഗംഗാധരൻ, ഡോ. എം. എ. അബ്ദുല്ല, സി. ജെ. റോബിൻ, ഡോ. എസ്. വിദ്യാപ്രകാശ്, ഡോ. കെ. കെ. രാഹുലൻ, ഡോ. കെ. മൊയ്തു, പി. കെ. രാഘവൻ, എം. പി. വീരേന്ദ്രകുമാർ, സ്വാമി ശാശ്വതികാനന്ദ, എ. സുജനപാൽ തുടങ്ങിയവർ സമീപം. - മനോരമ

കോഴിക്കോട്: ന്യൂനപക്ഷ വിഭാഗങ്ങൾ പലതരത്തിലും അവഗണിക്കപ്പെടുകയാണെന്നു മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ പ്രസ്താവിച്ചു.

എസ്. എൻ. ഡി. പി. യോഗത്തിൻെറ തൊണ്ണൂറാം വാർഷികാഘോഷത്തിനു തുടക്കംകുറിച്ചുകൊണ്ടുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉദ്യോഗനിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചാൽ മാത്രമേ സാമൂഹിക നീതി ഉറപ്പു വരുത്താനാവൂ. സാമുദായികാടിസ്ഥാനത്തിലുള്ള സംവരണമാണു വേണ്ടത്. 'മേൽത്തട്ട് ആശയം' നടപ്പാക്കിയാൽ പിന്നോക്കവിഭാഗങ്ങൾക്ക് അർഹമായ അവസരം നഷ്ടപ്പെടുമെന്നു തങ്ങൾ അഭിപ്രായപ്പെട്ടു.

മാനാഞ്ചിറ മൈതാനത്തെ ശ്രീനാരായണ നഗറിൽ, കേരളം കണ്ട ഏറ്റവും വലിയ സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണഗുരുവിൻെറയും അതിനു തുണയായി നിന്ന കുമാരനാശാൻെറയും ഡോ. പൽപ്പുവിൻെറയും മുൻ മുഖ്യമന്ത്രി ആർ. ശങ്കറുടെയും കൂറ്റൻ ചിത്രങ്ങൾകൊണ്ട് അലംകൃതമായ വേദിയിലായിരുന്നു സമ്മേളനം.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ കേരളത്തിലാകമാനം സാമൂഹിക വിപ്ലവത്തിൻെറ കൈത്തിരിയുമായി കടന്നുവന്ന പ്രസ്ഥാനം നൂറ്റാണ്ടിൻെറ അവസാനത്തിൽ മറ്റൊരു സാമൂഹിക വിപ്ലവത്തിനു പാതയൊരുക്കാനുള്ള ലക്ഷ്യവുമായാണു നവതി ആഘോഷിക്കുന്നത്.

സാമൂഹിക ഐക്യ നീതി നേടുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചു ഗൗരവമായി ചർച്ച ചെയ്യുന്ന സമ്മേളനത്തിനു യോഗം പ്രസിഡൻറ് ഡോ. കെ. കെ. രാഹുലൻ ശ്രീനാരായണഗറിൽ പതാക ഉയർത്തി.

മതങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ ഇന്നു നടക്കുന്നു. ഒരു മതത്തിനു മറ്റൊരു മതത്തെ സംഘട്ടനത്തിലൂടെ കീഴടക്കാനാവില്ലെന്നു തങ്ങൾ ചൂണ്ടിക്കാട്ടി. മതങ്ങൾ തമ്മിലുള്ള സാഹോദര്യമാണ് ഇന്ന് അനിവാര്യം.

സ്വന്തം ലേഖകൻ

ഇന്ത്യയ്ക്ക് 80% വരുന്ന പിന്നോക്ക പട്ടിക വിഭാഗങ്ങളെ അവഗണിച്ചു മുമ്പോട്ടു പോകാനാവില്ല. പിന്നോക്ക വിഭാഗത്തിനു സാമൂഹിക നീതി കിട്ടാൻ പ്രവർത്തിച്ച മഹാനായ നേതാവും ദാർശനികനുമായിരുന്നു ശ്രീനാരായണഗുരു. ആത്മീയ വെളിച്ചത്തിലൂടെ മാത്രമേ ഭൗതിക പുരോഗതിയുണ്ടാകൂവെന്നതാണു ഗുരുദർശനം. മനുഷ്യനെ മനുഷ്യനായി കാണണമെങ്കിൽ ആത്മീയ വെളിച്ചം ആവശ്യമാണ്.

രണ്ടാം സ്വാതന്ത്ര്യസമരത്തിനു ഭാരതം തയാറാകേണ്ടിയിരിക്കുന്നുവെന്നു ഡോ. കെ. കെ. രാഹുലൻ അധ്യക്ഷപ്രസംഗത്തിൽ ഓർമിപ്പിച്ചു. പിന്നോക്കക്കാർ ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം ആരും കരുണകൊണ്ടു തന്നതല്ല. പിടിച്ചു വാങ്ങിയതാണ്. ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ നീതിക്കു വേണ്ടി പൊരുതിയ എസ്. എൻ. ഡി. പി. ഈ നൂറ്റാണ്ടിൻെറ അവസാന പാദത്തിലും നീതിക്കുള്ള പോരാട്ടത്തിലാണ്.

രജ്യം വലിയൊരു മാറ്റത്തിൻെറ വക്കിലാണ്. 20 ശതമാനത്തിൻെറ കയ്യിലാണ് അധികാരങ്ങൾ. ഇതിനെതിരേ പിന്നോക്കക്കാർ ഉണർന്നിരിക്കുന്നു. ഈ ഉയിർത്തെഴുന്നേൽപ്പിൻെറ മാറ്റം കാണണം. കണ്ടില്ലെങ്കിൽ അതിനേയും തട്ടിമാറ്റി പിന്നോക്ക വിഭാഗങ്ങൾ മുന്നോട്ടു പോകുമെന്നു രാഹുലൻ മുന്നറിയിപ്പു നൽകി.

സാമൂഹിക പ്രതിബദ്ധതയുള്ള ആത്മീയതയുടെ വക്താവായിരുന്നു ശ്രീനാരായണ ഗുരുവെന്നു സ്വാമി ശാശ്വതികാനന്ദ അനുഗ്രഹ പ്രഭാഷണത്തിൽ അനുസ്മരിച്ചു. സാമൂഹികനീതിക്കുവേണ്ടിയുള്ള ആത്മീയതയാണു ഗുരുദേവൻ സ്വീകരിച്ചിരുന്നത്. ഇത്രവർഷമായിട്ടും ഭാരതത്തിൽ പിന്നോക്കക്കാരന് സാമൂഹിക സമത്വം കൈവരിക്കാനായിട്ടില്ല. സാമൂഹികസ്വാതന്ത്ര്യമില്ലാതെ രാഷ്ട്രീയ സ്വാതന്ത്ര്യം അർഥശൂന്യമാണെന്നു കെ. കെ. മാധവൻ അടക്കമുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നു സ്വാമി ഓർമിപ്പിച്ചു.

പിന്നോക്ക സമുദായങ്ങളുടെ ഐക്യം കാവൽവട്ടത്തിൻെറ ചരിത്ര ദൗത്യമായി നിലനിൽക്കുന്നു. പിന്നോക്കക്കാരാൽ മാനിക്കപ്പെടുന്ന ശക്തി സ്രോതസുകളെ വളർത്താനായാൽ മാത്രമേ ഭാരതത്തിൽ ഐതിഹാസിക മാറ്റമുണ്ടാവൂ. മനഃശാസ്ത്രപരമായ ഈ സാധ്യതയിലാണു ഭാരതത്തിൻെറ സമ്പൂർണ സ്വാതന്ത്ര്യം എന്ന സ്വപ്നം കുടികൊള്ളുന്നതെന്നു സ്വാമി വ്യക്തമാക്കി.

ഏകവോക മാനവിക ദർശനമാണ് അരുവിപ്പുറം സന്ദേശത്തിലൂടെ ഗുരു നമുക്കു നൽകിയതെന്നു ഫാ. ജോസഫ് മാളിയേക്കൽ ചൂണ്ടിക്കാട്ടി. ശക്തമായ ദർശനമുണ്ടായിരുന്നതുകൊണ്ടാണു സ്ഥായിയായ മാറ്റം സൃഷ്ടിക്കാൻ ശ്രീനാരായണ ഗുരുവിനു കഴിഞ്ഞത്. ഇന്ത്യൻ ചക്രവാളത്തിൽ സാമൂഹിക മാറ്റത്തിൻെറ ചലനം കണ്ടു തുടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പിന്നോക്കസമുദായങ്ങൾക്കു പുതിയ കാഴ്ചപ്പാടാണ് ഉണ്ടായിരിക്കുന്നത് അതു രാഷ്ട്രീയത്തിന് അതീതമായിരിക്കണമെന്നു കെ. പി. സി. സി. (ഐ) ജനറൽ സെക്രട്ടറി എ. സുജനപാൽ എം. എൽ. എ. അഭ്യർഥിച്ചു.

ഭരണകൂടം മാറുന്നതുകൊണ്ടു വ്യവസ്ഥ മാറുന്നില്ല. ഇന്ത്യയിലെ ഭരണം പൗരോഹിത്യപരമാണ്. ഇതിനെതിരേയാണു ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയതെന്നു ജനതാപാർട്ടി സംസ്ഥാന പ്രസിഡൻറ് എം. പി. വീരേന്ദ്രകുമാർ ചൂണ്ടിക്കാട്ടി.

പിന്നോക്കക്കാർ ഒറ്റക്കെട്ടായി യോജിച്ചു കാര്യങ്ങൾ നേടിയെടുക്കുന്നേരംഭരണം വിട്ടുവീഴ്ചയ്ക്കു തയാറാകണമെന്ന് എം. ഇ. എസ്. സംസ്ഥാന പ്രസിഡൻറ് ഡോ. എം. എ. അബ്ദുല്ല പറഞ്ഞു.

ഭരണഘടനയിൽ പിന്നോക്കക്കാരക്കു നൽകിയിട്ടുള്ള അവകാശങ്ങൾ മാത്രമാണു തങ്ങൾ ആവശ്യപ്പെടുന്നതെന്നു വാറ്റിൻ കാത്തറിക് അസോസിയേഷൻ പ്രസിഡൻറ് സി. ജെ. റോബിൻ വ്യക്തമാക്കി.

അവകാശങ്ങൾ നിഷേധിച്ച സമുദായങ്ങൾക്കു [illegible] അധികാരം പിടിച്ചെടുക്കാനറിയാമെന്നും അതു തെളിയിക്കുമെന്നും എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി കെ. ഗോപിനാഥ് മുന്നറിയിപ്പു നൽകി.

ഈ കൃഷ്ണമൂർത്തിയുടെ 'ഈശ്വർ എങ്ങോട്ട്' നായരമ്പലം എം. കെ. പവിത്രൻെറ 'എന്താണ് ക്രീമിലെയർ' എന്നീ പുസ്തകങ്ങൾ എം. കെ. രാഘവനു കോപ്പി നൽകി ശാശ്വതികാനന്ദ പ്രകാശനം ചെയ്തു.

സ്വാഗതസംഘം കൺവീനർ പി. പി. ഗംഗാധരൻ, എസ്. എൻ. ഡി. പി. കോഴിക്കോട് യൂണിയൻ പ്രസിഡൻറ് ഡോ. എസ്. വിദ്യാപ്രകാശ് പ്രസംഗിച്ചു.

ഇന്ന്

പ്രത്യേക തീവണ്ടി

- കോട്ടയത്തുനിന്നു രാത്രി 11.45-നു സെക്കന്ദരാബാദിലേക്കു സ്പെഷൽ ട്രെയിൻ.
- തിരുവനന്തപുരത്തേക്കുള്ള സ്പെഷൽ ട്രെയിൻ ഒരുമണിക്കു മദ്രാസിൽനിന്ന്.
- മദ്രാസ് - അഹമ്മദാബാദ് നവജീവൻ എക്സ്പ്രസ് റദ്ദാക്കി.
- തണ്ണീർമുക്കം ബണ്ടിൻെറ ഷട്ടറുകൾ വൈകുന്നേരത്തോടെ പൂർണമായി താഴ്ത്തും.
- ദക്ഷിണ കേരളത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ മഴയുണ്ടാകും. ഉത്തരകേരളത്തിൽ മഴ ഉണ്ടാകാൻ ഇടയില്ല.
- കുറ്റിപ്പുറം ലവൽ ക്രോസിനു വടക്കുവശത്ത് അപകടാവസ്ഥയിലുള്ള മരം മുറിച്ചു നീക്കുന്നതിനാൽ രാവിലെ ഏഴുമുതൽ വൈകിട്ട് അഞ്ചുമണിവരെ നാഷനൽ ഹൈവേയിൽ ലവൽ ക്രോസിംഗ് വഴി ഗതാഗതം നിരോധിച്ചു. വാഹനങ്ങൾ തിരുന്നാവായ - പുത്തനത്താണി വഴി പോകണം.
- കാസർകോട് ജില്ലയിലെ മുള്ളേരിയ എക്സ്ചേഞ്ചിൽ എസ്. ടി. ഡി. കോഡ് 0499.

നിയമാവലി ഭേദഗതി ചർച്ചയരുത്: കോടതി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എസ്. എൻ. ഡി. പി. യോഗത്തിൻെറ 90-ാം വാർഷിക പൊതുയോഗം ചേരുന്നതു തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള രണ്ടു വ്യത്യസ്ത ഹർജികൾ കോടതി അനുവദിച്ചില്ല.

എന്നാൽ കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് ഇന്നു നടക്കുന്ന വാർഷിക പൊതുയോഗത്തിൽ നിയമാവലി ഭേദഗതി ചെയ്യുന്നതിനെക്കുറിച്ചു ചർച്ച ചെയ്യുന്നതു കോടതി തടഞ്ഞു.

എസ്. എൻ. ഡി. പി. സെക്രട്ടറി കെ. ഗോപിനാഥനെ പ്രതിയാക്കി സി. ചന്ദ്രബാബുവും സി. വിശ്രുതനും ഫയൽ ചെയ്ത അപ്പീൽ ഹർജിയിന്മേൽ ഒന്നാം അഡീഷനൽ ജില്ലാ ജഡ്ജി പി. സോമചൂഡൻനായരാണ് ഈ ഉത്തരവു പുറപ്പെടുവിച്ചത്. യോഗം ചേരുന്നതു തടയണമെന്ന ആവശ്യം കോടതി അനുവദിച്ചില്ല.

കോട്ടയം പ്രിൻസിപ്പൽ മുൻസിഫ് ഫാത്തിമാബീവി മുമ്പാകെ എ. ജി. തങ്കപ്പനും മറ്റും ചേർന്നു ബോധിപ്പിച്ചിരുന്ന ഹർജി തള്ളപ്പെട്ടു.

യോഗവാർഷികം നിയമവിരുദ്ധമാണെന്നായിരുന്നു ആരോപണം. കോട്ടയം യൂണിയനിൽപെട്ട അംഗങ്ങൾക്കു പ്രാതിനിധ്യമില്ല. കോട്ടയം യൂണിയനെ നിയമവിരുദ്ധമായി പിരിച്ചുവിട്ടതാണെന്നും കോട്ടയം യൂണിയനിൽ തെരഞ്ഞെടുപ്പു നടത്താതെ യോഗവാർഷികം നടത്തരുതെന്നും ഹർജിയിൽ പറഞ്ഞിരുന്നു.

ബാലകൃഷ്ണപിള്ളയെ പുറത്താക്കിയെന്ന് അവകാശവാദം

തൃശൂർ: കേരള കോൺഗ്രസ് (ബി) ചെയർമാൻസ്ഥാനത്തുനിന്നു മന്ത്രി ആർ. ബാലകൃഷ്ണപിള്ളയെ സംസ്ഥാന നിർവാഹകസമിതി പുറത്താക്കിയതായി തൃശൂർ ജില്ലാ പ്രസിഡൻറ് വർഗീസ് നീലങ്കാവിൽ അവകാശപ്പെട്ടു.

നിർവാഹക സമിതിയിലെ 41 അംഗങ്ങളിൽ 16 പേർ യോഗത്തിൽ പങ്കെടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. യോഗം വിളിച്ചതു ജില്ലാ പ്രസിഡൻറാണ്. പാർട്ടിയോടും ജനങ്ങളോടും കുറുപുലർത്താത്ത മന്ത്രി പിള്ളയുടെ നേതൃത്വത്തിൽ തുടരാനാവില്ലെന്നു ബോധ്യം വന്ന സാഹചര്യത്തിലാണു നടപടി. മന്ത്രി പിള്ളയുടെ 'ദുഷ് ചെയ്തികൾക്കു കൂട്ടുനിൽക്കുന്ന' സംസ്ഥാന ട്രഷറർ കെ. സി. ഏബ്രഹാമിനെയും പുറത്താക്കിയിട്ടുണ്ട്.

ഭാവിപ്രവർത്തനങ്ങൾക്കായി വർഗീസ് നീലങ്കാവിൽ (ചെയർമാൻ), ആൻറണി കോമ്പാറ പാലക്കാട്, ജോസഫ് പ്ലാന്തോട്ടം കാസർകോട്, രാജൻ വർക്കി കോഴിക്കോട്, സലിം പുന്നിലത്ത് തൃശൂർ, എൻ. വി. മുഹമ്മദ് മലപ്പുറം, വി. ആർ. എസ്. സുലൈമാൻ എന്നിവരടങ്ങുന്ന സംസ്ഥാന സെക്രട്ടേറിയറ്റിനെ തെരഞ്ഞെടുത്തു. ജനുവരി നാലിനു തൃശൂരിൽ ചേരുന്ന സംസ്ഥാന കമ്മിറ്റിയിൽ മറ്റു ഭാരവാഹികളെ തെരഞ്ഞെടുക്കും.

മുഖ്യമന്ത്രിയെ കണ്ടു മുന്നണിയിൽ തങ്ങളെ ഘടകകക്ഷിയായി അംഗീകരിക്കണമെന്നാവശ്യപ്പെടുമെന്നു വർഗീസ് നീലങ്കാവിൽ പറഞ്ഞു. പാർട്ടി പിളർന്ന വിവരം ഏകോപന സമിതി കൺവീനർ ശങ്കരനാരായണനെ അറിയിക്കും.

പാലക്കാട് - തൃശൂർ റൂട്ട് ദേശസാൽക്കരണശ്രമവും ഹെൽമറ്റ് അടിച്ചേൽപിച്ചതും ജനങ്ങളുടെ പ്രതിഷേധത്തിനും അഴിമതിയാരോപണങ്ങൾക്കും ഇടയാക്കിയെന്നു നിർവാഹകസമിതി വിലയിരുത്തി. യൂത്ത് ഫ്രണ്ട് പ്രസിഡൻറ് സ്ഥാനത്തേക്കു മൽസരിച്ച് 70% വോട്ട് നേടിയ മാത്യു വീരപ്പള്ളിക്കു പകരം 30% വോട്ട് നേടിയ തോമസ് മാത്യുവിനെ പ്രസിഡൻറാക്കിയതു പിള്ളയുടെ ഏകാധിപത്യത്തിനു തെളിവാണെന്നു യോഗം അഭിപ്രായപ്പെട്ടു.

കരുണാകരനെപറ്റി ചലച്ചിത്രം

തൃശൂർ: മുഖ്യമന്ത്രി കെ. കരുണാകരനെപ്പറ്റി ഡോക്യുമെൻററി ചലച്ചിത്രം നിർമിക്കുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ നിർമിക്കുന്ന 45 മിനിട്ട് ദൈർഘ്യമുള്ള ചലച്ചിത്രത്തിൻെറ സംവിധായകൻ പവിത്രനാണ്.

ജനുവരിമധ്യത്തിൽ ചലച്ചിത്രത്തിൻെറ സ്വിച്ച് ഓൺ ഗുരുവായൂരിൽ നടക്കും. ചിത്രത്തിൻെറ തിരക്കഥ തയാറാക്കിയിരിക്കുന്നതു പി. ഭാസ്കരൻ, ഡോ. ടി. ആർ. ശങ്കുണ്ണി എന്നിവരാണ്. ബഹദൂറും വി. ഗിരിജാ വല്ലഭനും ചിത്രത്തിൻെറ ഓർഗനൈസർമാരാണ്. ബി. ജി. പ്രൊഡക്ഷൻസ് ആണു നിർമാണം.

കെ. കരുണാകരൻ എന്ന വ്യക്തിക്കു പ്രാധാന്യം നൽകുന്ന ചിത്രമായതിനാൽ രാഷ്ട്രീയത്തിനു പ്രാധാന്യം നൽകില്ലെന്നു ബഹദൂർ, പവിത്രൻ, ഗിരിജാവല്ലഭൻ, ടി. വി. ചന്ദ്രമോഹൻ എം. എൽ. എ. എന്നിവർ അറിയിച്ചു. ഗുരുവായൂർ, തൃശൂർ, തിരുവനന്തപുരം, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലാവും ചിത്രീകരണം.

ചിത്രത്തിൽ കരുണാകരൻെറ സംഭാഷണമില്ല. മലയാളത്തിൽ തിക്കുറുശ്ശി സുകുമാരൻനായരും ഇംഗ്ലീഷിൽ ശശി കുമാറും വിവരണം നൽകും. ഹിന്ദി [illegible] സ്തീശബ്ദവും.

പൊലീസ് കമ്മിഷണർ ഹാജരായില്ലെങ്കിൽ വാറണ്ട്: കമ്മിഷൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പൂന്തുറ കലാപത്തെക്കുറിച്ച് വേണ്ട വിവരങ്ങൾ പൊലീസ് നൽകാത്തതിനെ തുടർന്നു സിറ്റി പൊലീസ് കമ്മിഷണറോട് സിറ്റിംഗിന് ഹാജരാകാൻ ജസ്റ്റിസ് അരവിന്ദാക്ഷമേനോൻ കർശനമായ ഉത്തരവു നൽകി.

അടുത്ത സിറ്റിംഗ് നടക്കുന്ന 28-ന് 12 മണിക്കു ഹാജരാകണമെന്നാണ് ഉത്തരവ്. ഇല്ലെങ്കിൽ വാറണ്ടയയ്ക്കും.

വിവരങ്ങൾ നൽകുന്നതിലും നടപടിക്രമങ്ങൾ പാലിക്കുന്നതിലും പൊലീസ് വീഴ്ച വരുത്തിയിരിക്കുകയാണെന്നു കമ്മിഷൻ ഉത്തരവിൽ പറയുന്നു. സ്വന്തം അഭിഭാഷകനുപോലും വിവരങ്ങൾ നൽകാൻ പൊലീസ് തയാറാവുന്നില്ല.

തെളിവെടുപ്പിനിടെ ഇക്കാര്യം പലതവണ ചൂണ്ടിക്കാണിച്ച കമ്മിഷൻ പൊലീസ് കമ്മിഷണറോട് ഹാജരാകാൻ അഭ്യർഥിക്കണമെന്നു പൊലീസിൻെറ അഭിഭാഷകൻ കെ. ഗോപകുമാരൻനായരോടാവശ്യപ്പെട്ടു. താൻ പല തവണ ബന്ധപ്പെട്ടിട്ടും ഹാജരാകാൻ കമ്മിഷണർ വിസമ്മതിച്ചുവെന്നു ഗോപകുമാരൻ നായർ അറിയിച്ചു. കമ്മിഷനിൽ നിന്നു രേഖാമൂലം ക്ഷണം കിട്ടിയാലേ ഹാജരാകേണ്ടതുള്ളൂ എന്നായിരുന്നു കമ്മിഷണറുടെ മറുപടി. അന്വേഷണ കമ്മിഷൻ നിയമപ്രകാരം തെളിവെടുപ്പിനിടെ വാക്കാൽ നൽകുന്ന നിർദേശം ഉത്തരവാണെന്നു കമ്മിഷൻ വ്യക്തമാക്കി.

കലാപ ബാധിത പ്രദേശങ്ങൾ ഉൾപ്പെട്ട ഫോർട്ട് സബ്ഡിവിഷനിൽ നിന്നു വിവരം ലഭിക്കാത്തതു കമ്മിഷൻെറ പ്രവർത്തനം തടസപ്പെടുത്തുന്നുവെന്നു നേരത്തേ വ്യക്തമാക്കിയിരുന്നു. തുടർന്ന് ഒരു എസ്. ഐ. യെയും കോൺസ്റ്റബിളിനെയും തെളിവെടുപ്പു സമയത്ത് അയച്ചു. പക്ഷേ എന്താണ് അവരുടെ ജോലിയെന്ന് ഉയർന്ന പൊലീസുദ്യോഗസ്ഥർ പറഞ്ഞില്ല. പ്രഥമവിവര റിപ്പോർട്ടുകളും കേസുകളുടെ മഹസറും ആവശ്യപ്പെടുങ്കിലും അവ ഹാജരാക്കിയില്ല.

കലാപ സമയത്ത് ഫോർട്ടിൽ ലംബോധരൻ നായരും ശംഖുമുഖത്ത് പി. ജി. വർഗീസുമായിരുന്നു അസിസ്റ്റൻറ് കമ്മിഷണർമാർ. ഇവർ സ്ഥാനമൊഴിയുന്നതുവരെ തെളിവെടുപ്പു സംബന്ധിച്ച നടപടിക്രമങ്ങൾ കൃത്യമായിരുന്നു. ഇപ്പോൾ ഇവർ ഹാജരാകുന്നുണ്ടെങ്കിലും ഈ തസ്തികകളില്ലാത്തതിനാൽ വിവരങ്ങൾ ലഭിക്കുന്നതു പ്രയാസമായിത്തീർന്നിരിക്കയാണെന്നു പൊലീസ് അഭിഭാഷകൻ കമ്മിഷനെ ബോധിപ്പിച്ചു.

അടുത്ത സിറ്റിംഗിന് കമ്മിഷണർ ഹാജരാകാതിരുന്നാൽ അതു മനഃപൂർവമാണെന്നു കരുതേണ്ടിവരുമെന്നു കമ്മിഷൻ വ്യക്തമാക്കി. കമ്മിഷൻെറ ഉത്തരവ് ജുഡീഷ്യൽ സ്വഭാവമുള്ളതാണെന്നു മനസിലാക്കണം.

കമ്മിഷൻ ഫോർട്ട് സബ് ഡിവിഷൻ പരിധിയിൽപെട്ട 11 പേരെ വിസ്തരിച്ചു. ഇതോടെ കലാപത്തിനിരയായ 208 പേരെ വിസ്തരിച്ചിട്ടുണ്ട്. രാഷ്ട്രീയ കക്ഷികളുടെ സാക്ഷികളിൽ നിന്നാണ് ഇനി തെളിവെടുക്കുക. 28, 29 തീയതികളിൽ സി. പി. എം. പ്രവർത്തകരെയും 30-നു മുസ്‌ലിം ലീഗ് പ്രവർത്തകരെയും വിസ്തരിക്കും.

അഭിഭാഷകരായ കെ. ആർ. ഹരിദാസ്, കമലേശ്വരം, എസ്. മണികണ്ഠൻ നായർ, ശാസ്തമംഗലം, അജിത് കുമാർ എന്നിവർ ഹാജരായി.

താൻ ഹാജരാകണമെന്നു പൊലീസ് അഭിഭാഷകൻ പറഞ്ഞത് ഇന്നലെയാണെന്നു സിറ്റി പൊലീസ് കമ്മിഷണർ വി. ആർ. രജീവൻ പറഞ്ഞു. ഔപചാരിക അറിയിപ്പില്ലാതെ ഹാജരാകാൻ നിവൃത്തിയില്ലെന്നാണു താൻ മറുപടി നൽകിയത്. രേഖാമൂലമോ വാക്കാലോ ഒരു രേഖയും കമ്മിഷനോ പൊലീസ് അഭിഭാഷകനോ ചോദിച്ചിട്ടില്ല. 28-നു ഹാജരാകാൻ കമ്മിഷൻ നിർദേശിച്ചാൽ ചെയ്യും. പക്ഷേ, എന്തു രേഖയാണു വേണ്ടതെന്നു തനിക്കിപ്പോഴും അറിയില്ല - രജീവൻ 'മനോരമ'യോടു പറഞ്ഞു.

കുശല രാജേന്ദ്രന് അവാർഡ്

തിരുവനന്തപുരം: ഇന്ത്യയിൽ ഭൂഭൗതിക ശാസ്ത്രത്തിലെ മികച്ച നേട്ടങ്ങൾക്ക് ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയൻ ഏർപ്പെടുത്തിയിട്ടുള്ള എം. എസ്. കൃഷ്ണൻ സ്വർണ മെഡലിന് തിരുവനന്തപുരം ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കുശല രാജേന്ദ്രൻ അർഹയായി.

ഭൂചലന ശാസ്ത്രത്തിലെ ഗവേഷണ പ്രവർത്തനങ്ങളുടെ പേരിലാണ് കുശലയ്ക്കു പുരസ്കാരം ലഭിച്ചത്. 21-നു ഹൈദരാബാദിൽ നാഷനൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അവാർഡ് സമ്മാനിക്കും.

അണക്കെട്ടുകൾ നിമിത്തമുണ്ടാകുന്ന ഭൂചലനത്തെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുള്ള കുശല അമേരിക്കയിലാണ് ഉപരി പഠനം പൂർത്തിയാക്കിയത്. ഇടുക്കി ഡാമിൻെറ പരിസരത്തുള്ള ഭൂചലന സാധ്യതകളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായ ഡോ. സി. പി. രാജേന്ദ്രൻെറ ഭാര്യയാണ്.

സോണിയയെ കണ്ടു

കൊച്ചി: രാജ്യത്തു കോൺഗ്രസി (ഐ) നു മാർഗനിർദേശം നൽകണമെന്നു തിരുത്തൽവാദി നേതാക്കളായ എം. ഐ. ഷാനവാസും ബി. വിജയകുമാർ എം.എൽ.എ.യും സോണിയാ ഗാന്ധിയെ സന്ദർശിച്ച് അഭ്യർഥിച്ചു.

നാലുമിനിറ്റ് നീണ്ട കൂടിക്കാഴ്ചയിൽ പാർട്ടിയെപ്പറ്റി തങ്ങൾക്കുള്ള പരാതികൾ ചുരുക്കമായി ഇരുവരും സോണിയയെ ധരിപ്പിച്ചു. ജനുവരിയിൽ ഡൽഹിയിൽവച്ചു വീണ്ടും കാണാൻ ഇരുവരും അനുമതി തേടി. കാണാമെന്നു സോണിയ പറഞ്ഞു.

നേരത്തേ ഡൽഹിയുമായി ബന്ധപ്പെട്ടാണു നേതാക്കൾ ഇവിടത്തെ കൂടിക്കാഴ്ചയ്ക്ക് അനുമതി ലഭ്യമാക്കിയത്.

നായനാരുടെ റിപ്പോർട്ടിൽ പുറത്താക്കൽ സൂചന

ഡി. വിജയമോഹൻ

കൽക്കട്ട: മുന്നുദിവസത്തെ സി.പി.എം. കേന്ദ്രസമിതി യോഗം ഇന്ന് അവസാനിക്കുകയാണ്. ഇതുവരെ മുസ്‌ലിം ലീഗ്, ഗൗരിയമ്മ എന്നീ പ്രശ്നങ്ങൾ ചർച്ചയ്ക്കു വന്നിട്ടേയില്ല. സംസ്ഥാന സെക്രട്ടറി ഇ.കെ. നായനാരുടെ റിപ്പോർട്ട് അംഗങ്ങൾക്കു നൽകിക്കഴിഞ്ഞു. ഇനി ഇന്നു ഗൗരിയമ്മ പ്രശ്നം പരാമർശിക്കാനും ഇടയില്ല.

സംസ്ഥാനത്തു പാർട്ടി സ്വീകരിച്ച അച്ചടക്കനടപടിയെക്കുറിച്ചു നായനാരുടെ റിപ്പോർട്ടിൽ വിശദമായ പരാമർശമുണ്ട്. സംസ്ഥാനസമിതി ജില്ലാസമിതിയിലേക്കു ഗൗരിയമ്മയെ തരംതാഴ്ത്തിയശേഷം അവർ നടത്തുന്ന പരസ്യപ്രസ്താവനകൾ ഗുരുതരമായ അച്ചടക്കലംഘനമാണെന്നു നായനാർ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ആലപ്പുഴ പ്രദേശത്തിൻെറ വികസനം സംബന്ധിച്ചു ഗൗരിയമ്മ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ മാർക്സിയൻ വീക്ഷണത്തിനു നിരക്കുന്നതല്ലെന്നും നായനാർ ചൂണ്ടിക്കാട്ടുന്നു.

നായനാരുടെ റിപ്പോർട്ടിൽ തെളിച്ചുപറയുന്നില്ലെങ്കിലും അതു നൽകുന്ന വ്യക്തമായ സൂചന ഗൗരിയമ്മയ്ക്കെതിരേ കർശന നടപടി ഉടനെ വരുന്നുവെന്നാണ്. ഗൗരിയമ്മ പാർട്ടി ജനറൽ സെക്രട്ടറിക്കോ, സംസ്ഥാന കൺട്രോൾ കമ്മിഷനോ, കേന്ദ്ര കമ്മിഷനോ പരാതി നൽകിയിട്ടില്ലെന്നും നായനാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതുവരെ ഗൗരിയമ്മയുടെ പരാതിയൊന്നും കിട്ടിയിട്ടില്ലെന്നു സി.പി.എം. ജനറൽ സെക്രട്ടറി ഹർകിഷൻസിങ് സുർജിത് വ്യക്തമാക്കി.

ഗൗരിയമ്മയ്ക്കെതിരേ സ്വീകരിക്കുന്ന അച്ചടക്ക നടപടി പാർട്ടിക്കു ദോഷം ചെയ്യുമെന്നു കേന്ദ്രസമിതിയിലെ ചില അംഗങ്ങൾ സുർജിതിനെയും ജ്യോതിബസുവിനെയും മറ്റു ചില പൊളിറ്റ്ബ്യൂറോ അംഗങ്ങളെയും ധരിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തു ചില നേതാക്കൾ, പ്രത്യേകിച്ചും ഇ.എം.എസ്. തികച്ചും അനാവശ്യമായ കടുംപിടിത്തമാണു കാണിക്കുന്നതെന്ന് ഇവർക്ക് അഭിപ്രായമുണ്ട്. പാർട്ടിയിൽനിന്നു പുറത്താക്കാത്ത ഗൗരിയമ്മയെക്കുറിച്ച് ഇതിനകം സംസ്ഥാന സെക്രട്ടേറിയറ്റ് രണ്ടു വലിയ പത്രക്കുറിപ്പ് പുറത്തിറക്കി; ഇ.എം.എസ്. നിരന്തരമായി വേഗങ്